**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 111** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മണലൂർ മണ്ഡലത്തിലെ ബജറ്റ് പദ്ധതികളുടെ നിർവഹണവും പുരോഗതിയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ മണലൂർ നിയമസഭാ മണ്ഡലത്തിനായി 20 ശതമാനം തുക വകയിരുത്തി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഏതെല്ലാം വകുപ്പുകളുടെ കീഴിലാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മണലൂർ നിയോജക മണ്ഡലത്തിൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (പുതുക്കിയ പത്രിക) (മരാമത്തുപണികളുടെ വിശദ വിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ 20 ശതമാനം വിഹിതം വകയിരുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസ്തുത ബജറ്റ് രേഖയിൽ പ്രത്യേകമായി ക്രോഡീകരിക്കാത്ത തലത്തിൽ ലഭ്യമാണ്. ഇപ്രകാരം വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയ ബന്ധിതമായ നിർവ്വഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

**(ബി)** കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ മണലൂർ നിയമസഭാ മണ്ഡലത്തിനായി സംസ്ഥാന ബജറ്റിൽ 20 ശതമാനം പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പേര്, ബജറ്റ് വർഷം, ഭരണവകുപ്പ്, നിർവഹണ ഏജൻസി, അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത ഓരോ പദ്ധതിയുടെയും, നിലവിലെ സ്ഥിതി - ഭരണാനുമതി ലഭിച്ചത്, സാങ്കേതികാനുമതി ലഭിച്ചത് ടെൻഡർ നടപടികൾ പൂർത്തിയായത്, പ്രവൃത്തി ആരംഭിച്ചത്,

പൂർത്തിയായത്, പുരോഗതിയിലുള്ളത്, ആരംഭിക്കാത്തത് - എന്നിങ്ങനെ പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

<u>മറുപടി:</u> 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. പ്രസ്തുത ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാന ത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭിച്ച പ്രവർത്തികളുടെ സമയബന്ധിതമായ നിർവ്വഹണം/ പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

**(ഡി)** ഓരോ പദ്ധതിക്കും ഇതുവരെ അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനി ആവശ്യമായ തുക എത്രയാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതോ മുടങ്ങിക്കിടക്കുന്നതോ ആയ പദ്ധതികൾ ഏതൊക്കെയാണെന്നും അവ വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** ഭൂമി ഏറ്റെടുക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ഡി.പി.ആർ., ടെൻഡർ, ഫണ്ട് ലഭ്യത തുടങ്ങിയ കാരണങ്ങളാൽ പദ്ധതികൾ വൈകുന്നുണ്ടെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(എഫ്)** മണ്ഡലത്തിലെ ബജറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പ് അടിസ്ഥാനത്തിൽ സമയക്രമം നിശ്ചയിച്ച് പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(ജി)** പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾക്ക് ആവശ്യമായ അധിക തുക അനുവദിച്ച് അവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> പൂർത്തിയാകാതെ കിടക്കുന്ന പ്രവൃത്തികൾക്ക് അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പിന്റെ ശിപാർശയോടെ ലഭ്യമാകുന്ന അപേക്ഷകൾ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് ഉചിത തലത്തിൽ തീരുമാനമെടുത്ത് അധിക ധനാനുമതി/ ധന പുനർ വിനിയോഗം മുഖാന്തിരം തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**

| അനുബന്ധം | | |
|---|---|---|
| ക്രമ നം | മണലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തിയുടെ പേര് | അനുവദിച്ച 20% തുക (ലക്ഷത്തിൽ) |
| | **2021-22** | |
| 1 | അന്നകര, കോക്കൂർ, വാകമറ്റം റോഡ് | 20000000 |
| | **2022-23** | |
| 2 | വാടാനപ്പള്ളി ബീച്ച് സൗന്ദര്യവൽക്കരണം (ബീച്ച് ടൂറിസം പദ്ധതി ) | 20000000 |
| | **2023-24** | |
| 3 | കണ്ടാണശ്ശേരി പഞ്ചായത്തിലെ നമ്പഴിക്കാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മാണം | 2000000 |
| | **2024-25** | |
| 4 | ചൂണ്ടൽ പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിട സമുച്ചയം | 20000000 |
| | **2025-26** | |
| 5 | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ മങ്കുഴി | 2000000 |
| 6 | പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ മൈനർ ഇറിഗേഷൻ കനാലുകളിലൂടെ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് സ്ലൂയിസ് നിർമ്മാണം | 2000000 |
| 7 | അരിമ്പൂർ പഞ്ചായത്ത് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പുകൾ പുനസ്ഥാപിക്കൽ | 2000000 |

12/10/2026

12/10/26 v.s.

DSC(BW-K) 12.10.26